"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - കണ്ണൂർ, മട്ടന്നൂർ ഉപജില്ലയിലെ പൊറോറ യു.പി സ്കൂളിലെ പ്രധാനാധ്യാപിക ശ്രീമതി.അംബിക എം-ന്റെ സ്ഥാനക്കയറ്റം അംഗീകരിച്ച് നൽകുന്നത് സംബന്ധിച്ച് മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.2562/2026/GEDN തീയതി,തിരുവനന്തപുരം, 08-04-2026

---

പരാമർശം:-

1. സ.ഉ (കൈ) നം.54/2024/പൊ.വി.വ തീയതി 01.06.2024.
2. കണ്ണൂർ, മട്ടന്നൂർ, പൊറോറ യു.പി സ്കൂൾ മാനേജർ സർക്കാരിലേക്ക് സമർപ്പിച്ച 09/09/2025-ലെ റിവിഷൻ ഹർജി.
3. മട്ടന്നൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 15/12/2025-ലെ AEOMTN/1620/2025-B നമ്പർ കത്ത്.
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 16.12.2025-ലെ ജി5/ 22800/2025/ഡിജിഇ നമ്പർ കത്ത്.

**ഉത്തരവ്**

കണ്ണൂർ ജില്ലയിൽ മട്ടന്നൂർ ഉപജില്ലയിലെ പൊറോറ യു.പി സ്കൂളിലെ പ്രധാനാധ്യാപിക ശ്രീമതി.അംബിക എം-ന്റെ സ്ഥാനക്കയറ്റം അംഗീകരിച്ച് നൽകുന്നതിനായി മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഹർജിക്കാരനെയും ബന്ധപ്പെട്ട മറ്റ് കക്ഷികളെയും 16.12.2025-ന് ഗൂഗിൾ മീറ്റ് മുഖേന കേൾക്കുകയുണ്ടായി.

2. ഹിയറിംഗ് വേളയിലെ ഹർജിക്കാരനായ പൊറോറ യു.പി സ്കൂൾ മാനേജരുടെയും വിദ്യാലയത്തിലെ ഉറ്റദ്ദ അദ്ധ്യാപിക ശ്രീമതി അംബിക എം ന്റെയും വാദം ചുവടെ ചേർക്കുന്നു.

കണ്ണൂർ ജില്ലയിൽ മട്ടന്നൂർ ഉപജില്ലയിലെ പൊറോറ യു.പി സ്കൂളിൽ പ്രധാനാധ്യാപകൻ ആയിരുന്ന ശ്രീജയകൃഷ്ണൻ.കെ.പി. 31-05-2024-ന് വിരമിച്ചത് വഴി 01-06-2024 മുതൽ നിലവിൽ വന്നിട്ടുള്ള പ്രധാനധ്യാപക തസ്തികയിലേക്ക് വിദ്യാലയത്തിലെ അധ്യാപികയും ഉറ്റദ്ദ ടീച്ചറുമായ ശ്രീമതി അംബിക.എം നെ 01.06.2024 മുതൽ പ്രധാനാധ്യാപിക ആയി ഉദ്യോഗകയറ്റം നൽകി നിയമിക്കപ്പെട്ട നടപടി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ച നടപടിക്കെതിരെയും പ്രസ്തുത നടപടിക്കെതിരെ ഉന്നതതല അപ്പീൽ അധികാരികളായ ജില്ലാ വിദ്യാഭ്യാസ ഓഫീസർ തലശ്ശേരി മുമ്പാകെയും പൊതുവിദ്യാഭ്യാസ ഡയറക്ടർ മുമ്പാകെയും സമർപ്പിച്ച അപ്പീലുകൾ നിരസിച്ച നടപടിക്കെതിരെയുമാണ് അങ്ങയുടെ മുമ്പാകെ അപ്പീൽ സമർപ്പിച്ചിട്ടുള്ളത്.

പൊറോറ യു.പി സ്കൂളിൽ പ്രധാനാധ്യാപകൻ ആയിരുന്ന ശ്രീ.ജയകൃഷ്ണൻ.കെ.പി. 31-05-

2024-ന് വിരമിച്ചത് വഴി 01-06-2024 മുതൽ നിലവിൽ വന്നിട്ടുള്ള പ്രധാനധ്യാപക തസ്തികയിലേക്ക് വിദ്യാലയത്തിലെ അധ്യാപികയും ഉറ്റദ്ദ ടീച്ചറുമായ ശ്രീമതി അംബിക എം നെ ആണ് 01-06-2024 മുതൽ പ്രധാനാധ്യാപിക ആയി ഉദ്യോഗകയറ്റം നൽകി നിയമിച്ച് നിയമനാംഗീകാരത്തിനായി പ്രൊപോസൽ സമർപ്പിച്ചിട്ടുള്ളത്. ശ്രീമതി.അംബിക എം. ബി.എഡ്. ബിരുദധാരിണിയും യു.പി സ്കൂൾ ടീച്ചർ തസ്തികയിലേക്ക് യോഗ്യത നേടിയിട്ടുള്ള ആളുമാണ്. കൂടാതെ ടിയാൾ പ്രധാനാധ്യാപക തസ്തികയിലേക്ക് ഉദ്യോഗകയറ്റത്തിന് നിഷ്കർഷിച്ചിട്ടുള്ള വകുപ്പ്തല പരീക്ഷ യോഗ്യതകൾ ആയ അക്കൗണ്ട് ടെസ്റ്റ് ലോവർ, കെ.ഇ.ആർ എന്നീ യോഗ്യതകളും നേടിയിട്ടുണ്ട്. വിദ്യാലയത്തിൽ 2024-25 വർഷത്തിലെ തസ്തിക നിർണ്ണയത്തിൽ പ്രധാനധ്യാപക തസ്തിക യു.പി.എസ്.ടി തസ്തികയിൽ ഒന്ന് കുറവ് വരുത്തിക്കൊണ്ടാണ് അനുവദിച്ചിട്ടുള്ളത്. 31-05-2024 വിരമിച്ച പ്രധാനാധ്യാപകൻ ശ്രീ.ജയകൃഷ്ണൻ കെ.പി യു.പി.എസ്.ടി വിഭാഗത്തിൽ ആണ് സേവനത്തിൽ തുടർന്നിരുന്നത്. 2024-25 വർഷത്തിൽ വിദ്യാലയത്തിലെ അധ്യാപകരുടെ സീനിയോറിറ്റി ലിസ്റ്റ് സമന്വയ മുഖാന്തിരം പ്രോസസ്സ് ചെയ്തപ്പോൾ ശ്രീമതി.അംബിക യുടെ പേര് ഉൾപെട്ടുകൊണ്ടു തന്നെ ആണ് വന്നിട്ടുള്ളത്. മാത്രവുമല്ല വിദ്യാലയത്തിൽ ശ്രീമതി അംബിക എം. നെ പ്രധാനാധ്യാപിക ആയി ഉദ്യോഗകയറ്റം നൽകി നിയമിക്കുന്നതിൽ വിദ്യാലയത്തിൽ മറ്റു യു.പി.എസ്.ടി / എൽ.പി.എസ്.ടി / ഭാഷ അധ്യാപകർ എല്ലാം തന്നെ ആക്ഷേപം ഇല്ല എന്നും അവർക്ക് ആർക്കും തന്നെ പ്രധാനാധ്യാപക തസ്തികയിലേക്ക് ഉദ്യോഗകയറ്റത്തിന് താല്പര്യമില്ല എന്ന് രേഖാമൂലം അറിയിക്കുകയും ചെയ്തിട്ടുണ്ട്. ആയതു സമന്വയ മുഖാന്തിരം നിയമനംഗീകാര പ്രൊപ്പോസലിൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ മുമ്പാകെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ശ്രീമതി അംബിക എം. ബി.എഡ് ബിരുദധാരിണി ആയതിനാൽ തന്നെ യു.പി എസ് ടി ആയി ക്രമീകരിക്കാവുന്നതുമാണ്.

കേരള വിദ്യാഭ്യാസ നിയമം അധ്യായം XIV -എ ചട്ടം 34 (ബി) യിൽ താഴെ പറയും പ്രകാരം ആണ് വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുള്ളത്.

"In case of Upper primary schools and Lower primary schools a combined seniority list of Upper Primary School Assistant Lower Primary School Assistant, Junior Language Teachers and Specialist Teachers specified in Rule 3 & 4 of Ch.XXX1 shall be prepared. The purpose of the seniority list will be only to determine position of persons eligible for promotion as Primary School Headmaster by virtue of length of service and prescribed qualifications for promotion as Primary School Headmaster."

മേൽ വ്യവസ്ഥയിൽ എവിടെയും തന്നെ പാർട്ട് ടൈം ഭാഷ അധ്യാപക തസ്തികയിൽ ഫുൾടൈം അദ്ധ്യാപിക ആയി സേവനത്തിൽ തുടരുന്ന അധ്യാപികയെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപെടുത്താൻ പാടില്ല എന്ന് വ്യവസ്ഥ ചെയ്യപ്പെട്ടിട്ടില്ല. വിദ്യാലയത്തിൽ പ്രധാനധ്യാപക തസ്തികയിലേയ്ക്ക് പൂർണ്ണ യോഗ്യത നേടിയിട്ടുള്ള മറ്റാരും തന്നെ ഇല്ലാത്തതിനാലും സീനിയർ ആയിട്ടുള്ളതും 50 വയസ്സുകഴിഞ്ഞവരുമായ എൽ.പി.എസ്.ടി /യു.പി.എസ്.ടി മാർ പ്രധാനാധ്യാപക തസ്തികയിലേക്കുള്ള ഉദ്യോഗ കയറ്റം സ്ഥിരമായി വേണ്ടെന്നു വെച്ചതിനാലും ബി.എഡ് ബിരുദ യോഗ്യതയും, വകുപ്പ് തല പരീക്ഷ യോഗ്യതയും നേടിയിട്ടുള്ള ശ്രീമതി. അംബിക.എം ന്റെ 01-06-2024 മുതൽ പ്രധാനാധ്യാപിക ആയുള്ള ഉദ്യോഗകയറ്റ നിയമനം അംഗീകരിക്കുന്നതിന് തടസ്സം ഇല്ല എന്നാണ് മനസ്സിലാകുന്നത്.

ശ്രീമതി.അംബിക. എം-ന് പ്രധാനാധ്യാപിക ആയി ഉദ്യോഗക്കയറ്റം നൽകിയതിന് സമാനമായി കോഴിക്കോട് ജില്ലയിൽ ചോമ്പാല ഉപജില്ലയിൽപെട്ട കല്ലാമല യു.പി സ്കൂളിലെ പാർട്ട് ടൈം അറബിക് അധ്യാപകൻ (ഫുൾ ടൈം ബെനിഫിറ്റ്) ആയ ശ്രീ.അബ്ദുറഹിമാൻ എൻ.വി യെ 01-06-2017 മുതൽ പ്രധാനാധ്യാപകൻ ആയി ഉദ്യോഗക്കയറ്റം നൽകി നിയമിച്ച നടപടി KER Ch-XIV-A റൂൾ 45 ഉം വിദ്യാഭ്യാസ അവകാശ ചട്ടങ്ങളിലെ ചട്ടം 18 (1) പ്രകാരവും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ച നടപടി നിയമനം ക്രമപ്രകാരമല്ല എന്ന കാരണം ഉന്നയിച്ചുകൊണ്ട് വിദ്യാഭ്യാസ ഉപഡയറക്ടർ, കോഴിക്കോട് തടസ്സവാദം ഉന്നയിക്കുകയും ആയത് അങ്ങ് 06-05-2022 തീയതിയിലെ സ.ഉ.(സാധാ) നമ്പർ.2808/2022 പൊ.വി.വ (എൽ.വകുപ്പ്) പ്രകാരം ഉദ്യോഗകയറ്റ നിയമനാംഗീകാരം നൽകിയ നടപടി ശരി വെച്ചുകൊണ്ടും വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ തടസ്സവാദം റദ്ദ് ചെയ്തുകൊണ്ടും ഉത്തരവായിട്ടുണ്ട്. ആയതിനാൽ തന്നെ ശ്രീമതി.അംബിക.എം-ന്റെ പ്രധാനാധ്യാപക നിയമനം അംഗീകരിക്കു ന്നതിന് ചട്ടപ്രകാരം മറ്റു തടസ്സങ്ങൾ ഒന്നും തന്നെ ഇല്ല.

മേൽ വസ്തുതകൾ പരിഗണിച്ച് വിദ്യാലയത്തിന്റെ സുഗമമായ നടത്തിപ്പിനായി ശ്രീമതി.അംബിക.എം-ന്റെ പ്രധാനാധ്യാപിക ആയി 01-06-2024 മുതൽക്കുള്ള ഉദ്യോഗ കയറ്റ നിയമനം അംഗീകരിക്കുന്നതിന് മട്ടന്നൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകികൊണ്ട് അപ്പീൽ അനുവദിച്ച് ഉത്തരവാകണമെന്ന് വിനീതമായി അപേക്ഷിക്കുന്നു.

2. ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ ചുവടെ ചേർക്കുംപ്രകാരം റിപ്പോർട്ട് ചെയ്തു.

കണ്ണൂർ ജില്ലയിൽ മട്ടന്നൂർ ഉപജില്ലയിലെ പൊറോറ യു.പി സ്കൂളിലെ പ്രധാനാധ്യാപകനായ ശ്രീ. കെ.പി ജയകൃഷ്ണൻ 31/05/2024 ന് വിരമിച്ച ഒഴിവിൽ മാനേജർ വിദ്യാലയത്തിലെ പാർട്ട് ടൈം അദ്ധ്യാപിക (ഫുൾ ടൈം ബെനിഫിറ്റ്) ആയ ശ്രീമതി.അംബിക.എം.നെ 01/06/2024 മുതൽ പ്രധാനാധ്യാപിക ആയി സ്ഥാനക്കയറ്റം നൽകി നിയമിക്കുകയും പ്രൊപോസൽ ഉപജില്ല വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിക്കുകയും താഴെ പറയുന്ന കാരണങ്ങളാൽ ഉപജില്ല വിദ്യാഭ്യാസ ഓഫീസർ നിയമനം നിരസിക്കുകയാണുണ്ടായത്. വിദ്യാലയത്തിൽ പ്രധാനാധ്യാപിക ആയി സ്ഥാനക്കയറ്റം നൽകിയത് പാർട്ട് ടൈം തസ്തികയിൽ ഫുൾ ടൈം ബെനിഫിറ്റോടുകൂടി തുടരുന്ന അധ്യാപികയെയാണ്. കെ.ഇ.ആർ ചാപ്റ്റർ XIV A റൂൾ 34 ബി യിൽ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിൽ പാർട്ട് ടൈം അധ്യാപകർ ഉൾപെട്ടിട്ടില്ലാത്തതിനാൽ തന്നെ പാർട്ട് ടൈം ഉറുദു തസ്തികയിൽ ഫുൾ ടൈം ബെനിഫിറ്റോടുകൂടി തുടരുന്ന ശ്രീമതി അംബിക.എം-നെ ഉൾപ്പെടുത്തിക്കൊണ്ടുള്ള സീനിയോറിറ്റി ലിസ്റ്റ് അംഗീകരിക്കാൻ കഴിയില്ല. കൂടാതെ വിദ്യാലയത്തിൽ എൽ.പി.എസ്.ടി /യു.പി.എസ്.ടി തസ്തികയിൽ സീനിയറായ അദ്ധ്യാപകരിൽ സീനിയോറിറ്റി പരിഗണിച്ച് പ്രധാനാധ്യാ പകരായി ഉദ്യോഗക്കയറ്റം നൽകേണ്ടതിനു പകരം പാർട്ട് ടൈം ഉറുദു അധ്യാപികയ്ക്ക് സ്ഥാനക്കയറ്റം നൽകിയത് ക്രമപ്രകാരമല്ല. ആയതിനെതിരെ മാനേജർ നിശ്ചിത സമയ പരിധിക്കകം അപ്പീൽ ജില്ല വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിച്ചു. KER ചാപ്റ്റർ XIV A റൂൾ 45 A നോട്ട് പ്രകാരം സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട ലാംഗ്വേജ് / സ്പെഷ്യലിസ്റ്റ് അധ്യാപകരെ സീനിയോറിറ്റി പരിഗണിച്ച് നിശ്ചിത യോഗ്യത കൈവരിച്ചിട്ടുണ്ടെങ്കിൽ പ്രധാനാധ്യാപക തസ്തികയിലേക്ക് പരിഗണിക്കാമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 20/02/24 തീയതിയിലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ DGE/1961/23-H2 (പാർട്ട് 1) പ്രകാരം എയ്ഡഡ് സ്കൂൾ ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ് സമ്പൂർണ്ണ മുഖാന്തരം

സമർപ്പിക്കുവാൻ വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിരുന്നു. ആയതിൽ പാർട്ട് ടൈം ഭാഷാധ്യാപകരെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടതില്ല എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഈ കാരണങ്ങളാൽ ജില്ല വിദ്യാഭ്യാസ ഓഫീസർ അപ്പീൽ നിരസിച്ചു.

കണ്ണൂർ ജില്ലയിൽ മട്ടന്നൂർ ഉപജില്ലയിലെ പൊറോറ യു.പി സ്കൂളിലെ പ്രധാനാധ്യാപകനായ ശ്രീ.കെ.പി. ജയകൃഷ്ണൻ 31/05/2024-ന് വിരമിച്ച ഒഴിവിൽ മാനേജർ ടി വിദ്യാലയത്തിലെ പാർട്ട് ടൈം ഉറുദു അദ്ധ്യാപിക (ഫുൾ ടൈം ബെനിഫിറ്റ്) ആയ ശ്രീമതി.അംബിക എം-നെ 01/06/2024 മുതൽ പ്രധാനാധ്യാപിക ആയി സ്ഥാനക്കയറ്റം നൽകി നിയമിച്ച നിയമനം അംഗീകരിച്ച് നൽകണം എന്നതാണ് റിവിഷൻ ഹർജിയിലെ ആവശ്യം. ശ്രീമതി.അംബിക.എം-ന്റെ 01/06/2024 മുതലുള്ള ഹെഡ്മിസ്ട്രസ് തസ്തികയിലെ നിയമനം നിരസിക്കുന്നതിനുള്ള കാരണം ഇപ്പോഴും നിലനിൽക്കുന്നതായി കാണുന്നു ഫുൾ ടൈം ബെനിഫിറ്റോട് കൂടി പാർട്ട് ടൈം തസ്തികയിൽ ജോലി ചെയ്യുന്ന ഭാഷ അദ്ധ്യാപിക സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുന്നതിന് അർഹതയില്ലാത്തതിനാൽ അപ്പീൽ പരിഗണനാർഹമല്ല.

2) നേരിൽ കേട്ട വേളയിൽ ഉന്നയിച്ച വാദഗതികളുടെയും, ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും, നിലവിലുള്ള ഉത്തരവുകൾ, ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ സർക്കാർ പ്രസ്തുത വിഷയം വിശദമായി പരിശോധിച്ചു. കണ്ണൂർ ജില്ലയിൽ മട്ടന്നൂർ ഉപജില്ലയിലെ പൊറോറ യു.പി. സ്കൂളിലെ പാർട്ട് ടൈം ഉറുദു (ഫുൾ ടൈം ബെനഫിറ്റ്) അദ്ധ്യാപികയായ ശ്രീമതി.അംബിക.എം. നെ പ്രധാനാധ്യാപികയായി സ്ഥാനക്കയറ്റം നൽകി നിയമിച്ച മാനേജറുടെ നടപടി ക്രമപ്രകാരമല്ല. റിട്ട് ഹർജി നം. 18494/2009, 18042/2010 കേസുകളിലെ (ശാന്തകുമാരിയമ്മ Vs. സ്റ്റേറ്റ് ഓഫ് കേരള) ബഹു.കേരള ഹൈക്കോടതിയുടെ 20/01/2021 തീയതിയിലെ വിധിന്യായ ത്തിൽ പാർട്ട് ടൈം തസ്തികയിൽ ഫുൾടൈം ബെനഫിറ്റോടെ സർവീസിൽ തുടരുന്ന അദ്ധ്യാപകരെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തി ഹെഡ്മാസ്റ്റർ പ്രമോഷന് പരിഗണിക്കുവാൻ കഴിയില്ല എന്ന് ഉത്തരവായിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ 20/02/24 തീയതിയിലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ DGE/1961/23-H2 (Part 1) നം. സർക്കുലർ പ്രകാരം എയ്ഡഡ് സ്കൂൾ ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ് സമന്വയ മുഖാന്തിരം സമർപ്പിക്കുവാൻ വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിരുന്നതിൽ ഫുൾടൈം ബെനഫിറ്റോട് കൂടി പാർട്ട് ടൈം തസ്തികയിൽ ജോലി ചെയ്യുന്ന അധ്യാപകരെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തരുത് എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ശ്രീമതി. അംബിക എം. ന്റെ 01/06/2024 മുതലുള്ള പ്രധാനാധ്യാപികയായുള്ള സ്ഥാനക്കയറ്റ നിയമനം അംഗീകരിക്കാനാവില്ലായെന്നും, കൂടാതെ, 06/05/2022-ലെ സ.ഉ.(സാധാ)നം.2808/2022/പൊ.വി.വ. പൊതുവായ ഉത്തരവായി കണക്കാക്കാനാകില്ലെന്നും അക്കാലയളവിൽ നിലവിലുള്ള കോടതിവിധികളിലെ നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് പുറപ്പെടുവിച്ച വ്യക്തിഗത കേസിലെ ഉത്തരവാണെന്നും, റിട്ട് ഹർജി നം. 18494/2009, 18042/2010 കേസുകളിലെ (ശാന്തകുമാരിയമ്മ Vs. സ്റ്റേറ്റ് ഓഫ് കേരള) ബഹു. കേരള ഹൈക്കോടതിയുടെ 20/01/2021 തീയതിയിലെ വിധിന്യായത്തിൽ പാർട്ട് ടൈം തസ്തികയിൽ ഫുൾ ടൈം ബെനഫിറ്റോടെ സർവീസിൽ തുടരുന്ന അദ്ധ്യാപകരെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തി ഹെഡ് മാസ്റ്റർ പ്രമോഷന് പരിഗണിക്കുവാൻ കഴിയില്ല എന്ന് ഉത്തരവായിട്ടുള്ളതിനാൽ സമാനമായ സാഹചര്യമല്ല ഈ കേസിലേത് എന്നതിനാൽ കണ്ണൂർ

ജില്ലയിൽ മട്ടന്നൂർ ഉപജില്ലയിലെ പൊറോറ യു.പി സ്കൂളിലെ പ്രധാനാധ്യാപിക ശ്രീമതി.അംബിക.എം-ന്റെ സ്ഥാനക്കയറ്റം അംഗീകരിച്ചു നൽകുന്നത് സംബന്ധിച്ച് മാനേജർ സമർപ്പിച്ച പരാമർശം (2) റിവിഷൻ ഹർജി പരിഗണിക്കുവാൻ കഴിയില്ല ആയത് നിരസിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ASWATHY K
അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, തലശ്ശേരി
ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, മട്ടന്നൂർ
മാനേജർ, പൊറോറ യു.പി. സ്കൂൾ, മട്ടന്നൂർ, കണ്ണൂർ - 670 702
ശ്രീമതി.അംബിക എം., ഉറുദു അദ്ധ്യാപിക, പൊറോറ യു.പി. സ്കൂൾ, മട്ടന്നൂർ, കണ്ണൂർ - 670 702
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Pradeep Kumar. G. O
സെക്ഷൻ ഓഫീസർ
Date: 08-04-2026 14:03:08